LIBRARY ARCHIVES Kerala Legislative Assembly

പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ്

233 (982) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടി മൂന്നാംഘട്ട സ്ഥലം ഏറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

30-5-2018-ലെ സ.ഉ. (സാധാ) 1984/2018/റവ നമ്പർ ഉത്തരവുപ്രകാരം കോട്ടക്കൽ വില്ലേജിലെ പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട റോഡ് നിർമ്മാണത്തിനായി 2.3276 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവായിരുന്നു. 26-10-2018-ലെ സ.ഉ.(അച്ചടി) 67/2018/റവ പ്രകാരം രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റി എന്ന ഏജൻസി സാമൂഹ്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത റിപ്പോർട്ട് വിദഗ്ധ സമിതി വിലയിരുത്തി സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 6-8-2019-ലെ സ.ഉ.(കൈ) 256/2019/റവ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം 26-11-2019-ലെ സ.ഉ. (അച്ചടി) 82/2019/റവ പ്രകാരം ഉത്തരവായിട്ടുള്ളതും 27-11-2019-ലെ 2896 അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിക്ക് കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ടിയിരുന്ന 50,00,000 രൂപയിൽ 50,000 രൂപ മാത്രമേ അർത്ഥനാധികാരി അടവാക്കിയിട്ടുള്ളൂ. കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ട 49,50,000 രൂപയും നഷ്ടപരിഹാരമായി നല്കേണ്ട മുഴുവൻ തുകയും അടവാക്കാത്തതിനാൽ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി വേണ്ട സ്ഥലത്തിന്റെ വില കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത തുക റവന്യൂ വകുപ്പിന്റെ കൈവശം ലഭ്യമാണോ?

പ്രസ്തുത റോഡ് നിർമ്മാണത്തിനുവേണ്ട ഏകദേശ തുക 15,81,85,731 രൂപ (പതിനഞ്ച് കോടി എൺപത്തൊന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) ആണ്. കണ്ടിൻജൻസി ചാർജ്ജിനത്തിൽ 50,000 രൂപ (അമ്പതിനായിരം രൂപ മാതം) റവന്യൂ വകുപ്പിന്റെ കൈവശം (എൽ.എ.ഒ.യുടെ കൈവശം) ലഭ്യമായിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

11(1) വിജ്ഞാപനം 26-11-2019-ലെ സ.ഉ. (അച്ചടി) 82/2019/റവ പ്രകാരം ഉത്തരവായിട്ടുള്ളതും 27-11-2019-ലെ 2896 അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. LARR Act സെക്ഷൻ 19(7) പ്രകാരം പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. LARR Rules സെക്ഷൻ 4(6) പ്രകാരം നഷ്ട പരിഹാര തുക മുഴുവൻ അർത്ഥനാധികാരി ബന്ധപ്പെട്ട ശീർഷകത്തിൽ കെട്ടിവെച്ചാൽ മാത്രമേ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുവാൻ നിർവ്വാഹമുള്ളൂ. എന്നാൽ പ്രസ്തുത പദ്ധതിക്ക് കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ടിയിരുന്ന 49,50,000 രൂപയിൽ 50,000 രൂപ മാത്രമേ അർത്ഥനാധികാരി അടവാക്കിയിട്ടുള്ളൂ. കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ട 49,50,000 രൂപയും നഷ്ട പരിഹാരമായി നൽകേണ്ട മുഴുവൻ തുകയും അടവാക്കിയാൽ മാത്രമേ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളൂ. 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾ ഡിനോവ ആയിട്ടുള്ളതാണ്.

ചീമേനിയിൽ ബസ് സ്റ്റാന്റ് കം-കംഫർട്ട്-സ്റ്റേഷൻ നിർമ്മാണം

234 (983) ശ്രീ. എം. രാജഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ കയ്യൂർ-ചീമേനി പഞ്ചായത്തിലെ ചീമേനിയിൽ ബസ് സ്റ്റാന്റ് കം കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ അധീനതയിൽ ഉള്ളതും പ്ലാന്റേഷന് ലീസ്/പാട്ടം നൽകിയതുമായ 2 ഏക്കർ ഭൂമി, പഞ്ചായത്തിന് ലീസ് ആയി അനുവദിക്കാൻ മുൻ റവന്യൂ മന്ത്രി, കൃഷിമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടും ലീസ് ഉത്തരവ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തീരുമാനം നടപ്പിൽ വരുത്താൻ 21/2 വർഷത്തിലധികം വൈകുന്നതിന്റെ കാരണം കൂടി വ്യക്തമാക്കാമോ?

(എ&ബി) നിലവിലെ പാട്ടക്കാരായ പ്ലാന്റേഷൻ കോർപ്പറേഷന് നിയമ പ്രകാരമുള്ള നോട്ടീസ് നൽകിയ ശേഷം പ്രസ്തുത ഭൂമിയിൽനിന്നും ഒരു ഹെക്ടർ ഭൂമിയുടെ പാട്ടം റദ്ദുചെയ്ത് പ്രസ്തുത ഭൂമി ചീമേനി ഗ്രാമ പഞ്ചായത്തിന് പാട്ടത്തിനനുവദിക്കുന്നതിനായി ഏറ്റെടുക്കുന്ന തിനും പ്രസ്തുത ഭൂമി ജി.ഒ. (എം.എസ്) നമ്പർ 96/2016/റവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിബന്ധനകൾക്ക് വിധേയമായി ചീമേനി ഗ്രാമപഞ്ചായത്തിന് പാട്ടത്തിനനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly